# 2015 നവംബർ, ഡിസംബർ, 2016 ജനുവരി മാസങ്ങളിലേയ്ക്കുള്ള കുരുമുളകിന്റെ വില പ്രവചനം

## കുരുമുളകിന്റെ വിലയിൽ വർദ്ധനവിനു ശേഷം നേരിയ തോതിൽ ഇടിവിന് സാധ്യത

പ്രമുഖ കുരുമുളക് ഉല്പാദക രാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ ഏകദേശം 1.2 ലക്ഷം ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നു. 2015ലെ കുരുമുളകിന്റെ ആഗോള ഉത്പാദനം 2,74,500 ടൺ ആയിരിക്കുമെന്നും 2016ലേയ്ക്കുള്ള നീക്കിയിരിപ്പ് 60,386 ടൺ ആയിരിക്കുമെന്നും അന്താരാഷ്ട്ര കുരുമുളകു സമൂഹം വിലയിരുത്തുന്നു. കോഴിക്കോട് ആസ്ഥാനമായ കമുക് സുഗന്ധവിള വികസന കേന്ദ്രത്തിന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ കുരുമുളക് ഉല്പാദനം 2014-15ൽ 77,000 ടൺ ആയിരുന്നു. കേരളത്തിലെയും കർണ്ണാടകത്തിലെയും കാലാവസ്ഥയിലുള്ള അസ്ഥിരത മൂലം 2015-16ൽ ഇന്ത്യയിലെ കുരുമുളകിന്റെ ഉല്പാദനം മുൻ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം കുറഞ്ഞ് ഏകദേശം 50,000 ടൺ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആഭ്യന്തര ഉപഭോഗം വർഷത്തിൽ നാലു മുതൽ അഞ്ചു ശതമാനം വരെ കൂടുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്ത്യയിലെ ഉത്പാദനത്തിന്റെ മുഖ്യ പങ്കം ആഭ്യന്തര വിപണിയിൽ തന്നെ വിറ്റഴിക്കപ്പെടുന്നു. വിപണിയിലെത്തിയ കുരുമുളകിന്റെ അളവിലുള്ള കുറവിനിടയിലും ആവശ്യകത ഉയർന്നു തന്നെ നില്ക്കുന്നതിനാൽ, ആഗസ്റ്റ് മാസത്തിന്റെ രണ്ടാം പാദം മുതൽ വിലയിൽ വർദ്ധനവുണ്ടായി. 2016ലെ ഉല്പാദനത്തിൽ വരാനിടയുള്ള കുറവുമൂലം വിലയിലുണ്ടാകാൻ സാധ്യതയുള്ള വർദ്ധനവിൽ പ്രതീക്ഷയർപ്പിച്ച് സംഭരണ ശേഷിയുള്ള കർഷകർ വിപണിയിലെത്തിക്കാതെ ഉല്പന്നം പിടിച്ചു വെക്കുന്നതിനാൽ വില ഉയർന്നു തന്നെ തുടരുന്നു.

2015ൽ വിപണിയിലെത്തിയ കുരുമുളകിന്റെ അളവിൽ കുറവുണ്ടായിരുന്നതിനാൽ രാജ്യത്തെ ആഭ്യന്തര ലഭ്യതയിലും കുറവുണ്ടായി. ഇക്കാരണത്താൽ ഇന്ത്യയിൽ കുരുമുളകിന്റെ ഇറക്കുമതിയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. 2015 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ഇറക്കുമതി ചെയ്ത 8,500 ടണ്ണിൽ മുഖ്യ പങ്കം ശ്രീലങ്ക, വിയറ്റ്നാം എന്നീ രാജ്യങ്ങളിൽ നിന്നായിരുന്നു. കുരുമുളകിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വീണ്ടും കയറ്റുമതി ചെയ്യുന്ന വ്യവസായികളുടെ ആവശ്യം നിറവേറ്റുന്നതിനാണ് ഇറക്കുമതിയുടെ ഏറിയ പങ്കും ഉപയോഗിക്കപ്പെടുന്നത്.

കഴിഞ്ഞ മൂന്നു മാസങ്ങളിലും വിലയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരുന്നതിനാൽ 2015 നവംബർ അവസാനം വരെ വ്യാപാരികൾ വില വർദ്ധനവ് പ്രതീക്ഷിക്കുന്നു. കുരുമുളകിന്റെ വിവിധ സീസണുകളിലുള്ള വിലയുടെ ഏറ്റക്കുറച്ചിലുകളിൽ പഠനം നടത്തിയതിൽ നിന്നും 1995നു ശേഷം കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾ ഒഴിവാക്കിയാൽ, ഡിസംബർ-ജനുവരി മാസങ്ങളിൽ വില കുറയാനുള്ള പ്രവണത കാണുന്നു.

കുരുമുളകിന്റെ ഉല്പാദനം കൂടാത്തതിനാലും, ആഭ്യന്തര ആവശ്യകത മാറ്റമില്ലാതെ തുടരുന്നതിനാലും വില ഇപ്പോഴത്തെ നിലയിൽ തുടരുകയും വളരെ ചെറിയ തോതിൽ മാത്രം വർദ്ധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഉല്പാദനത്തിൽ ഗണ്യമായ വ്യത്യാസമുണ്ടാകും വരെ നിലവിലുള്ള സ്ഥിതി തുടരാനാണ് സാധ്യത. മൊത്തത്തിലുള്ള ഉല്പാദനവും വിപണി വിവരങ്ങളും വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2015 നവംബർ വരെ വില വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. കുരുമുളകിന്റെ ആവശ്യകതയും ലഭ്യതയും മാറ്റമില്ലാതെ തുടരും എന്ന പ്രതീക്ഷയിലാണ് ഈ പ്രവചനം.

തരം തിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ 1995 മുതൽ 20 വർഷത്തെ പ്രതിമാസ വില എക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും, നിലവിലുള്ള വിപണി സാഹചര്യങ്ങളുടേയും, ഐ.സി.എ.ആർ നെറ്റ്വർക്ക് പ്രോജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ് കുരുമുളക് വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിൽ, 2015 നവംബർ മാസത്തിൽ വില

വർദ്ധനവിനും, അതിനുശേഷം ഡിസംബറിലും 2016 ജനുവരിയിലും നേരിയ തോതിൽ വില കുറയു വാനും സാധ്യതയുണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. വിപണിയിലെ സാഹചര്യങ്ങളിൽ മാറ്റമുണ്ടായാൽ ഈ പ്രവചനത്തിലും മാറ്റമുണ്ടാകും. അതിനാൽ കുരുമുളക് വിറ്റഴിക്കുന്നതു സംബന്ധിച്ച് കർഷകർക്ക് ഉചിതമായ തീരുമാനങ്ങളെടുക്കാം

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| മാസം | പ്രവചിക്കപ്പെട്ട വില (രൂപ/ കിലോഗ്രാം) |
|---|---|
| നവംബർ 2015 | 660-710 |
| ഡിസംബർ 2015 | 650-700 |
| ജനുവരി 2016 | 620-670 |

**റിസർച്ച് ടീം**

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ